ഉത്തരം

(എ) നടപ്പാക്കിത്തുടങ്ങി.

(ബി-ഡി) കണ്ണൂർ ജില്ലയിൽ പയ്യാവൂർ ശിവക്ഷേത്രത്തിന് സമീപമുള്ള സ്ഥലമാണ് ടേക്ക്-എ-ബ്രേക്ക് യൂണിറ്റിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഏകദേശം 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

ആലപ്പുഴ മെഗാ ടൂറിസം പദ്ധതി

277 (2557) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതി പ്രഖ്യാപിച്ചതെന്നാണെന്നും എത്ര രൂപയുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും, ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളേതൊക്കെയെന്നും വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയെന്നും, ഇതിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ഏതെങ്കിലും പ്രവൃത്തികൾ ജില്ലയിൽ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) "Development of Back water Circuit in Alappuzha in Back water Region as a Mega Circuit in Kerala" എന്ന പദ്ധതിക്ക് 31-3-2013-ലാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

(സി) ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ 14-12-2015-ൽ പ്രസ്തുത ഫണ്ട് സംസ്ഥാന ശീർഷകങ്ങളിൽ നിന്നും തൽക്കാലം നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം ചെയ്യുകയും ചെയ്തു.

---

* . ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly